<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 49 | 29.11.2018 - ൽ മറുപടിക്ക് |

<u>നികുതി വരുമാനത്തിൽ ജി.എസ്.ടി.യുടെ പ്രതിഫലനം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.സുരേഷ് കുറുപ്പ്<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീമതി. പി.അയിഷാ പോറ്റി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ ജി.എസ്.ടി നടപ്പിലാക്കിയതിലെ അനവധാനതയും അശാസ്ത്രീയതയും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം വിശദമാക്കാമോ; | (എ) | പരോക്ഷ നികുതി ഘടനയിൽ ഉണ്ടായിരുന്ന അശാസ്ത്രീയത പരിഹരിക്കുന്നതിന് വേണ്ടിയാണ് നിലവിലുണ്ടായിരുന്ന പല നികുതി നിയമങ്ങളും ലയിപ്പിച്ച് ജി.എസ്.ടി. എന്ന ഏകീകൃത നികുതി നിയമം രാജ്യമൊട്ടാകെ 01.07.2017 മുതൽ നടപ്പിലാക്കിയത്. ഇതു മൂലം നികുതി ഏകീകരണം സാദ്ധ്യമാകുകയും നികുതിയ്ക്കുമേലുള്ള നികുതി പൂർണ്ണമായും ഒഴിവാക്കപ്പെടുകയും അതുമൂലം ബിസിനസ്സ് സുഗമമായി നടത്താനുള്ള അവസ്ഥ സംജാതമാകുകയുമുണ്ടായി. ചരക്കുസേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്. ജി.എസ്.ടി. നിയമം നടപ്പിലായതിനുശേഷം സോഫ്റ്റ് വെയർ സംവിധാനം സജ്ജീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. കൂടാതെ ആഡംബര വസ്തുക്കൾക്ക് ജി.എസ്.ടി.യ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന നികുതിയേക്കാൾ കുറഞ്ഞ നികുതി നിരക്ക് നിശ്ചയിച്ചതും സംസ്ഥാനത്തിന്റെ നികുതി |

| | | | |
|---|---|---|---|
| | | | വരുമാനത്തെ ബാധിച്ച ഘടകമാണ്. ജി.എസ്.ടി. നിലവിൽ വന്നതിനാൽ ചെക്ക്പോസ്റ്റ് സംവിധാനം പൂർണ്ണമായും ഇല്ലാതായി. എന്നാൽ ഇതിനുപകരമായുള്ള ഇ-വേ ബിൽ സംവിധാനത്തിന്റെ സാങ്കേതിക തയ്യാറെടുപ്പുകൾ നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടായി. ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം ലഭ്യമാകുന്നതിനാൽ കേരളത്തിന്റെ നികുതി വരുമാനത്തെ സാരമായി ബാധിച്ചിട്ടില്ല. |
| (ബി) | അഞ്ചുവർഷത്തേയ്ക്ക് മാത്രം ബാധകമായ കോമ്പൻസേഷൻ ഒഴിവാക്കിയാൽ ജി.എസ്.ടി.യുടെ വളർച്ച എത്ര ശതമാനമാണ്; | (ബി) | ജി.എസ്.ടി നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.യിൽ 14% ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി.കൗൺസിൽ 9%, 6% എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാനകാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമാകുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് വാറ്റ് നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ 2017-18 സാമ്പത്തിക വർഷം 7.86% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18 ലെ നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ 2018-19 ൽ 18.43% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | ആഡംബര ഉപഭോക്തൃ ചരക്കുകളുടെ നികുതി പത്ത് ശതമാനം കുറവ് ചെയ്യുന്നത് സംസ്ഥാന വരുമാനത്തെ സാരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടുമോ; | (സി) | ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18%-ഉം, 12%-ഉം ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുനപരിശോധിക്കാനുള്ള സാധ്യത വിരളമാണ്. |
| (ഡി) | നികുതി നിരക്കിലുണ്ടായ കുറവിന്റെ പ്രയോജനം ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കാൻ കേന്ദ്ര സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ; | (ഡി) | ജി.എസ്.ടി നിയമപ്രകാരം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരം ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമം 171-ാം വകുപ്പ് പ്രകാരം (ആന്റി പ്രോഫിറ്റിയറിംഗ്) സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ പരാതി |

| | | | |
|---|---|---|---|
| | | | നൽകാവുന്നതാണ്. എന്നാൽ ഉപഭോക്താക്കളിൽ നിന്നും ഇത്തരം പരാതികൾ ലഭിക്കാത്തതിനാൽ വകുപ്പ് തലത്തിൽ ഇക്കാര്യം പരിശോധിച്ച് സംസ്ഥാനചരക്കുസേവന നികുതി വകുപ്പ് ജി.എസ്.ടി ക്കു മുമ്പും അതിനു ശേഷവുമുള്ള വിലവിവരപട്ടിക, നികുതിനിരക്കിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യതയുടെയും അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തി സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി തുടർനടപടിക്കായി കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള പരിശോധന കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി നടത്തിവരുന്നു. |
| (ഇ) | ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്താണ്; | (ഇ) | ആയതുമായി ബന്ധപ്പെട്ട ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ല. |
| (എഫ്) | വൻകിട വ്യവസായികളും വ്യാപാരികളും ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് പരോക്ഷമായി അനുവദിക്കുന്ന നിലപാടിൽ നിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ജി.എസ്.ടി നിയമപ്രകാരം രൂപീകരിക്കപ്പെട്ട ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും നിയമപ്രകാരം ഉപഭോക്താക്കൾക്ക് ലഭ്യമാകേണ്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനം ഉറപ്പുവരുത്തണമെന്നും കേരളം പല തവണ ജി.എസ്.ടി കൗൺസിൽ ഉൾപ്പെടെ വിവിധ ഫോറങ്ങളിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയുടെ നിയമനത്തിൽ കാലതാമസം ഉണ്ടായപ്പോൾ കേരളം ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നുള്ള പ്രതികരണം |

| | | | |
|---|---|---|---|
| | | | കുറവായതിനാൽ സംസ്ഥാന ചരക്കസേവനനികുതി വകുപ്പ തന്നെ മുൻകൈ എടുത്ത് ഇത്തരം കേസുകൾ സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി വഴി ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**